"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച 08.02.2024 തീയതിയിലെ സ.ഉ.(കൈ) നം. 4/2024/ആയുഷ് ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.12/2025/AYUSH തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:- 1. 08.02.2024 തീയതിയിലെ സ.ഉ.(കൈ) നം. 4/2024/ആയുഷ്

2. ഔഷധി മാനേജിംഗ് ഡയറക്ടറുടെ 16.05.2024 ലെ ഇ1-43/21 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനനുസൃതമായ ശമ്പള പരിഷ്കരണം അനുവദിച്ച് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ ചില ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ഔഷധി മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തസ്തികകളുടെ പുനർനാമകരണം മുഖേന പ്രസ്തുത തസ്തികകൾക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന ശമ്പള സ്കെയിലിലോ മറ്റാനുകൂല്യങ്ങളിലോ മാറ്റംവരില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് ഔഷധിയിലെ ജനറൽ വർക്കർ ഒഴികെയുള്ള സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിച്ചു കൊണ്ട് പുറപ്പെടുവിച്ച പരാമർശം (1) സർക്കാർ ഉത്തരവിൽ ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ക്രമ നം 1 ലെ "ഡയറക്ടർ" തസ്തികയുടെ പേര് **"മാനേജിംഗ് ഡയറക്ടർ"** എന്നാക്കി ഭേദഗതി വരുത്തുന്നു.

2) ക്രമ നം 36 ലെ 'മാസിയർ'-16 തസ്തികകൾ എന്നതിനു പകരം **'ആയുർവേദ തെറാപ്പിസ്റ്റ് (പുരുഷൻ)'** (8 **തസ്തികകൾ**), **'ആയുർവേദ തെറാപ്പിസ്റ്റ് (സ്ത്രീ)'** (8 **തസ്തികകൾ**) എന്നിങ്ങനെ ഭേദഗതി വരുത്തുന്നു.

3) ക്രമ നം 37 ലെ നഴ്സിംഗ് സ്റ്റാഫ് എന്നതിനു പകരം **'നഴ്സ്'** എന്ന് ഭേദഗതി വരുത്തുന്നു.

3. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ, ഔഷധി, കുട്ടനെല്ലൂർ, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (പി യു-ബി) വകുപ്പ് (28.03.2025 ലെ 301082/PU-B2/55/2016-FIN )
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 20-06-2025 15:13:22
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പി എസിന്
ബഹു. ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പിഎസിന്